പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3788 21.6.2018 ലെ മറുപടിക്ക്

**കയർ മേഖലയിലെ പ്രതിസന്ധി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) പച്ചത്തൊണ്ടിന്റെ ലഭ്യതക്കുറവ് മൂലം കയർ നിർമ്മാണമേഖല പ്രതിസന്ധിയിലാണെന്ന റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ;<br><br>ബി) കേരളത്തിൽ ലഭ്യമായ പച്ചതൊണ്ട് കൂടിയ വിലയ്ക്ക് ശേഖരിച്ച് തമിഴ് നാട്ടിലേക്ക് കടത്തി കൊണ്ടുപോകുന്ന സാഹചര്യം പരിശോധിക്കുമോ; | എ) & ബി) സംസ്ഥാനത്തെ കയർമേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ സുപ്രധാന പങ്ക് ഇവിടെ തന്നെ ഉൽപ്പാദിപ്പിച്ചുകൊണ്ട് മാത്രമേ വ്യവസായത്തെ സംരക്ഷിക്കാൻ കഴിയൂ. കയർ സഹകരണ സംഘങ്ങൾ സ്വകാര്യ സംരംഭകർ, നാളികേര ഉൽപ്പാദക സംഘങ്ങൾ എന്നിവർ മുഖാന്തിരം ചകിരി മില്ലുകൾ സ്ഥാപിച്ച് ഈ ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടിയ്ക്ക് തുടക്കംകുറിച്ചു കഴിഞ്ഞു. ഈ സാമ്പത്തിക വർഷം ഈ ദിശയിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിയും. ചകിരി ഉൽപ്പാദനം ലാഭകരമായ ഒരു ബിസിനസ്സായി മാറുന്നതോടെ നമ്മുടെ നാട്ടിലുണ്ടാകുന്ന തൊണ്ട് നല്ല പങ്ക് ഇവിടെ ഉപയോഗപ്പെടുത്തുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷ. |
| സി) മൂല്യവർദ്ധിത കയർ ഉൽപന്നങ്ങളുടെ നിർമ്മാണ പരിശീലനവും അവയുടെ വിപണനവും ഉൾപ്പടെ ഈ മേഖലയിലെ തൊഴിലാളികൾക്ക് വരുമാന വർദ്ധനവുണ്ടാകുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ നടപടികൾ സ്വീകരിക്കുമോ? | സി) നടപടികൾ സ്വീകരിച്ചു വരുന്നു. NCDC സഹായത്തോടെ നടപ്പിലാക്കുന്ന പഞ്ചവത്സര പദ്ധതിയിലെ ഒരു സുപ്രധാന ഘടകം ഉൽപ്പന്ന വൈവിധ്യവൽക്കരണമാണ്. |

സെക്ഷൻ ഓഫീസർ